A

# സമഗ്ര ശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2024-2025
## സാമൂഹ്യശാസ്ത്രം

705

ക്ലാസ്: 7 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള **8** പ്രവർത്തനങ്ങളിൽ **6** എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന **6** പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

പ്രവർത്തനം 1

**മലിനീകരണത്തിന്റെ തോത് അനിയന്ത്രിതമായി വർധിക്കുകയും ജനജീവിതം ദുസ്സഹമാകുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ചിത്രങ്ങൾ നിരീക്ഷിക്കുക.**



(a)



(b)



(c)



(d)

എ) തന്നിരിക്കുന്ന ചിത്രങ്ങളിൽ അന്തരീക്ഷമലിനീകരണത്തിനിടയാക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവ ഏതെല്ലാം?

i. a യും b യും  ii. b യും c യും  iii. b യും d യും  iv. a യും d യും

ബി) അന്തരീക്ഷ മലിനീകരണവുമായി ബന്ധപ്പെട്ട ധാരാളം പ്രശ്നങ്ങൾ നാം നേരിടുന്നുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ എഴുതുക.
(നാലിൽ കുറയാത്ത നിർദേശങ്ങളെഴുതണം)

പ്രവർത്തനം 2

എ) ഇന്ത്യയിലെ വ്യത്യസ്ത വിളകളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്ന തിരക്കിലാണ് കുട്ടികൾ. അവയുടെ പേരുകളാണ് തന്നിട്ടുള്ളത്. അനുയോജ്യമായ ക്രമത്തിൽ പട്ടികപ്പെടുത്തുക.

(ചോളം, പരുത്തി, സൂര്യകാന്തി, ചണം, ഗോതമ്പ്, സോയാബീൻ)

| നാണ്യവിളകൾ | ഭക്ഷ്യവിളകൾ | എണ്ണക്കുരുക്കൾ |
|---|---|---|
| | | |

ബി) ഓരോ വിളയും കൃഷിചെയ്യുന്നതിന് നിശ്ചിത കാലങ്ങളുണ്ട്. സൈദ് കൃഷിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

a) നെല്ല്, പരുത്തി, ചണം, തുവര, ബജ്റ എന്നിവയാണ് പ്രധാന കൃഷികൾ

b) തണ്ണിമത്തൻ, പച്ചക്കറികൾ, കാലിത്തീറ്റവിളകൾ എന്നിവയാണ് പ്രധാന കൃഷികൾ.

c) ഒക്ടോബർ-മാർച്ച് മാസങ്ങളിലാണ് കൃഷിയുടെ കാലയളവ്.

d) റാബി വിളവെടുപ്പിന് ശേഷമാണ് കൃഷി ആരംഭിക്കുന്നത്.

പ്രവർത്തനം 3

**താപവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ അന്തരീക്ഷത്തെ വിവിധ പാളികളായി തിരിച്ചിരിക്കുന്നു.**

എ) തന്നിരിക്കുന്ന പ്രത്യേകതകൾ വായിച്ച് അന്തരീക്ഷപാളി ഏതെന്നു കണ്ടെത്തി എഴുതുക?

അന്തരീക്ഷത്തിൽ ഏറ്റവും കുറവ് താപനില അനുഭവപ്പെടുന്നു.
ഉൽക്കകൾ കത്തിചാരമാകുന്നത് ഈ പാളിയിൽ വച്ചാണ്.
ഉയരം കൂടുന്നതിനനുസരിച്ച് താപനില കുറഞ്ഞുവരുന്നു.

a) ട്രോപ്പോസ്ഫിയർ b) സ്ട്രാറ്റോസ്ഫിയർ

c) മിസോസ് ഫിയർ d) തെർമോസ് ഫിയർ

ബി) അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ എത്തുന്ന മാർഗങ്ങൾ ഏതെല്ലാം?

സി) അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള വാതകം ഏത്?

**പ്രവർത്തനം 4**

എ) വ്യത്യസ്ത കൃഷിരീതികളുമായി ബന്ധപ്പെട്ട് അനു ശേഖരിച്ച വിവരങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിൽ വാണിജ്യവിളകൃഷിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

a) ഉയർന്ന മൂലധന നിക്ഷേപം.

b) വിഷരഹിത ഉൽപന്നങ്ങളുടെ ഉപയോഗം.

c) ഭക്ഷ്യ സ്വയംപര്യാപ്തത


d) ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ.

i. a യും b യും ii. b യും d യും iii. a യും d യും iv. b യും c യും

ബി) സമ്മിശ്രകൃഷി രീതി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിന്റെ കാരണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5**

**കാലാവസ്ഥയെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് ഭൂപ്രകൃതി.**





എ) ചിത്രം നിരീക്ഷിച്ച് മഴനിഴൽ പ്രദേശങ്ങൾ രൂപപ്പെടുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.

ബി) ഭൂപ്രകൃതിയിലും കാലാവസ്ഥയിലും അനുഭവപ്പെടുന്ന പ്രാദേശികവ്യത്യാസങ്ങൾ ജനജീവിതത്തെ എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നത്. കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 6

**അധികാരവികേന്ദ്രീകരണം - ഒരു വിജയഗാഥ - കൊളാഷ് നിരീക്ഷിക്കുക.**




എ) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ജനങ്ങൾക്ക് നേരിട്ട് ഭരണപ്രക്രിയയിൽ ഇടപെടാവുന്ന സംവിധാനം ഏതാണ്?

a) ഗ്രാമസഭ b) നിയമസഭ c) ലോകസഭ d) രാജ്യസഭ

ബി) അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് എഴുതുക.

## പ്രവർത്തനം 7

**നമ്മുടെ ഭരണഘടന ജാതി, മതം, വംശം, ലിംഗഭേദം, ജന്മസ്ഥലം എന്നിവയുടെ പേരിൽ യാതൊരു വിവേചനവും പാടില്ല എന്ന് അനുശാസിക്കുന്നു.**

എ) സമൂഹത്തിലെ ചില വിഭാഗങ്ങൾ അരികുവൽക്കരിക്കപ്പെടാനുള്ള കാരണങ്ങൾ എഴുതുക.

ബി) എല്ലാവരെയും പരിഗണിക്കുന്ന സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ സമൂഹ്യഘടകങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 8

എ) ഇന്ത്യയിൽ ചോളം കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളാണ് **കർണ്ണാടക, ഉത്തർപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര, ബീഹാർ** തുടങ്ങിയവ. നൽകിയിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ ഈ സംസ്ഥാനങ്ങൾ ഷെയ്ഡ് ചെയ്ത് പേരുകൾ രേഖപ്പെടുത്തുക.